# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2221

### 05-02-2018 ൽ മറുപടിക്ക്

### കിഫ്ബി കൺസൾട്ടൻസി സ്ഥാപനത്തെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം

| ചോദ്യം<br>ശ്രീ. റോജി എം. ജോൺ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കിഫ്ബിയുമായി ബന്ധപ്പെട്ട് ഐ. ടി. കൺസൾട്ടൻസി ചെയ്യുന്ന സ്ഥാപനമേതാണെന്നറിയിക്കുമോ; പ്രസ്തുത സ്ഥാപനത്തെ തെരഞ്ഞെടുത്തത് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണോ; | കിഫ്ബിയുടെ ഐ.ടി കൺസൾട്ടൺസിക്കായി സർക്കാർ അംഗീകൃത TSP (TOTAL SOLUTIONS PROVIDER) കളായ KELTRON, KSIE എന്നിവയിൽ നിന്നും പ്രൊപ്പോസലുകൾ ക്ഷണിച്ചതിന്റെ അടിസ്ഥാനത്തിൽ KSIE മാത്രമാണ് പ്രതികരിച്ചത്. കിഫ്ബിക്ക് ഒരു ഐ ടി കൺസൾട്ടന്റിന്റെ സേവനം ആവശ്യമുള്ളതിന്റെ അടിയന്തിര സാഹചര്യം പരിഗണിച്ച് KSIE സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിക്കുകയും ടി സ്ഥാപനത്തെ പ്രസ്തുത ആവശ്യത്തിലേക്കായി നിയമിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) നാളിതുവരെ എത്ര തുക പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്; പ്രസ്തുത മേഖലയിലുള്ള ഈ സ്ഥാപനത്തിന്റെ വൈദഗ്ധ്യം യഥാവിധി പരിശോധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | കിഫ്ബിയുടെ ഐ.റ്റി സംബന്ധമായ ആവശ്യങ്ങൾക്കു പുറമേ കെ.എസ്.എഫ്.ഇ പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് കിഫ്ബിയുടെ ആഭിമുഖ്യത്തിലുള്ള സോഫ്റ്റ് വെയർ ഡെവലപ്മെന്റിനും നാളിതുവരെ കൺസൾട്ടൻസി ചാർജ് ഇനത്തിൽ Rs. 22,98,941/- (ഇരുപത്തി രണ്ടു ലക്ഷത്തി തൊണ്ണൂറ്റി എട്ടായിരത്തി തൊള്ളായിരത്തി നാൽപ്പത്തി ഒന്നു രൂപ മാത്രം) പ്രസ്തുത സ്ഥാപനത്തിന് കൈമാറിയിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (KSIE) ഒരു സർക്കാർ അംഗീകൃത TSP (Total Solutions Provider) ആണ്. ഇത്തരം സേവനങ്ങൾ പ്രദാനം ചെയ്യാൻ പ്രാപ്തമായ ഏജൻസികളായാണ് സർക്കാർ വിശദമായ പരിശോധനകൾക്ക് ശേഷം TSP ആയി നിയോഗിക്കുന്നത്. |

| | |
|---|---|
| (സി) കിഫ്ബിയുടെ അപ്രൈസൽ കൺസൾട്ടൻസിക്കായി നാളിതുവരെ എത്ര തുക ആർക്കൊക്കെ കൈമാറിയിട്ടുണ്ട്; ഇവരെ തെരഞ്ഞെടുത്തത് ടെൻഡർ നടപടിക്രമങ്ങൾ പാലിച്ചാണോ; പ്രസ്തുത മേഖലയിലുള്ള ഇവരുടെ വൈദഗ്ധ്യം യഥാവിധി പരിശോധിച്ചിട്ടുണ്ടോ, വിശദാംശം ലഭ്യമാക്കുമോ? | കിഫ്ബിയുടെ അപ്രൈസൽ കൺസൾട്ടൻസിക്കായി ടെറനസ് കണ്സൾട്ടസിക്ക് Rs.66,46,617/- (അറുപത്തി ആറു ലക്ഷത്തി നാല്പത്തി ആറായിരത്തി അറുന്നൂറ്റി പതിനേഴ് രൂപ മാത്രം ) രൂപയും സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെൻറ് ന് (CMD) Rs. 1,20,53,700/- (ഒരു കോടി ഇരുപതു ലക്ഷത്തി അൻപത്തി മൂവായിരത്തി എഴുന്നൂറ് രൂപ മാത്രം ) രൂപയും നൽകിയിട്ടുണ്ട്. ടി ഏജൻസികളിൽ ടെറനസ് കൺസൾട്ടൻസിയെ ഷോർട്ട് ക്വട്ടേഷൻ മുഖേനയും ഈ ഏജൻസിയുടെ സേവനം അവസാനിച്ച ശേഷം ഇപ്പോൾ കൺസൾട്ടൻസി സർവിസ് നൽകുന്ന സെന്റർ ഫോർ മാനേജ് മന്റ് ഡെവലപ്മെൻറ് (CMD) നെ കിഫ്ബിയുടെ രണ്ടാം എക്സിക്യൂട്ടീവ് കമ്മറ്റി മീറ്റിംഗിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിലുമാണ് നിയമിച്ചത്. സെന്റർ ഫോർ മാനേജ് മന്റ് ഡെവലപ്മെൻറ് (CMD) ഈ രംഗത്ത് പ്രവർത്തിക്കുന്ന ഒരു പ്രമുഖ സർക്കാർ സ്ഥാപനമാണ്. |

സെക്ഷൻ ഓഫീസർ